**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1632** **11-10-2024 - ൽ മറുപടിയ്ക്ക്**

**വിള ഇൻഷ്വറൻസിനുള്ള ഓൺലൈൻ അപേക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | വിള ഇൻഷ്വറൻസ് പദ്ധതിയുടെ അപേക്ഷ ഓൺലൈൻ വഴി ആയതിനാൽ ധാരാളം കർഷകർക്ക് പദ്ധതിയിൽ ഉൾപ്പെടാനാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സാങ്കേതിക പരിചയം ഇല്ലാത്ത കർഷകർക്ക് ആവശ്യമായ സഹായം ചെയ്യുന്നതിന് ക്രമീകരണങ്ങൾ ഏർപ്പെടുത്തുമോ; വിശദമാക്കാമോ? | (എ) | കൃഷി വകുപ്പിന്റെ പോർട്ടലായ AIMS (Agriculture Information Management System) മുഖേന കർഷകർ ഓൺലൈനായി സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളാകുന്നുണ്ട്. എയിംസ് പോർട്ടൽ ആൻഡ്രോയിഡ് ആപ്പ് മുഖേന കൈകാര്യം ചെയ്യുന്നതിനും സംവിധാനമുണ്ട്. കർഷകർക്ക് ആയതിനുള്ള സാങ്കേതിക പരിജ്ഞാനവും അപേക്ഷ സമർപ്പിയ്ക്കുന്നതിനുള്ള സഹായവും കൃഷി ഭവൻ മുഖേന നൽകുന്നുണ്ട്. കർഷകർ ഓൺലൈൻ അപേക്ഷകൾ അക്ഷയ കേന്ദ്രങ്ങൾ, ജനസേവാകേന്ദ്രങ്ങൾ, CSC (Common Service Centre) എന്നിവ മുഖേനയും സമർപ്പിക്കുന്നുണ്ട്.<br><br>കഴിഞ്ഞ 4 വർഷമായി സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി ഓൺലൈൻ ആയി വിജയകരമായി നടപ്പിലാക്കിവരുന്നു. ഓരോ വർഷവും രണ്ടര ലക്ഷത്തിലധികം കർഷകർ പദ്ധതിയിൽ അംഗങ്ങളാകുന്നുണ്ട്. 2024-25 വർഷം നാളിതുവരെ 85259 കർഷകർ പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്. കർഷകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും ബോധവത്കരണവും അതാത് കൃഷി ഭവൻ മുഖേന നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ